>> കവർസ്റ്റോറി

• എ.ആർ

●

എസ്.എൻ.സി ലാവ്‌ലിൻ, മൂന്നാർ കുടിയൊഴിപ്പിക്കൽ, എച്ച്.എം.ടി ഭൂമി ഇടപാട് തുടങ്ങിയ പ്രശ്നങ്ങളിൽ തന്റെ വേറിട്ട നിലപാട് വിജയിപ്പിച്ചെടുക്കാൻ മുഖ്യമന്ത്രിക്ക് സാധിച്ചിട്ടില്ല. ഇത്രയും കാലം സാധിക്കാതിരുന്നത് എ.കെ.ജി സെന്ററിന്റെ പിടി പൂർവാധികം മുറുകാൻ പോകുന്ന ഇനിയുള്ള നാളുകളിൽ കൂടുതൽ അസാധ്യമാവാനേ സാധ്യതയുള്ളൂതാനും. എന്നാലും നിലപാടുകളിലെ ആർജവം പരമാവധി നിലനിർത്താൻ അടിസ്ഥാന തത്ത്വങ്ങളോട് ഇപ്പോഴും ഗൃഹാതുരത്വം പുലർത്തുന്ന അച്യുതാനന്ദൻ ശ്രമിക്കും എന്നാണ് കരുതേണ്ടത്.

●

## കോട്ടയം സമ്മേളനം

# സി.പി.എം നേടിയതും നേടാത്തതും

**ഫെബ്രുവരി** 14-ന് കോട്ടയത്ത് സമാപിച്ച സി.പി.എം കേരള ഘടകത്തിന്റെ പത്തൊമ്പതാം സംസ്ഥാന സമ്മേളനം പാർട്ടിയുടെ വളർച്ചയും കരുത്തും തെളിയിച്ചു എന്ന് സമ്മതിക്കണം. റിപ്പോർട്ടു പ്രകാരം നാലു വർഷത്തിനകം പാർട്ടിയിൽ 20339 അംഗങ്ങൾ വർധിച്ചു. 2004-ൽ അംഗസംഖ്യ 3,16,105 ആയിരുന്നപ്പോൾ 2008-ൽ അത് 3,36,585 ആയി ഉയർന്നു. കേരളത്തിൽ മറ്റേതെങ്കിലും രാഷ്ട്രീയ പാർട്ടിക്ക് അവകാശപ്പെടാനാവാത്തതാണ് ഈ അംഗബലം. സി.പി.എമ്മിനോട് വിധേയത്വമുള്ള ബഹുജന സംഘടനകളുടെ ആൾബലം 20 ലക്ഷത്തോളം വരും. 19.79 ശതമാനമാണ് ന്യൂനപക്ഷങ്ങളിൽ പാർട്ടിയുടെ സ്വാധീനം. ഇവരിൽ ക്രൈസ്തവരിലാണ് അംഗത്വ വളർച്ച കൂടുതലുണ്ടായത്. മലപ്പുറം സമ്മേളനത്തിനുശേഷം 1741 ബ്രാഞ്ചുകളും 145 ലോക്കൽ കമ്മിറ്റികളും സ്ഥാപിക്കാൻ സി.പി.എമ്മിനു കഴിഞ്ഞു. വർഷങ്ങളായി പാർട്ടിയെ വേട്ടയാടിക്കൊണ്ടിരുന്നതും മലപ്പുറം സമ്മേളനത്തോടെ മുറുകിയതുമായ വിഭാഗീയതക്ക് അറുതിയായി എന്ന നേതൃത്വത്തിന്റെ പ്രഖ്യാപനമാണ് അണികളെ സംബന്ധിച്ചേടത്തോളം ആശ്വാസകരമാവുന്ന മറ്റൊരു സംഭവം. പിണറായി വിജയൻ നേതൃത്വം നൽകുന്ന വിഭാഗം സി.പി.എമ്മിൽ കൂടുതൽ കരുത്ത് നിർണയിക്കുകയും അദ്ദേഹം സംസ്ഥാന സെക്രട്ടറിയായി അപസ്വരങ്ങളുയരാതെ തെരഞ്ഞെടുക്കപ്പെടുകയും മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന്റെ പക്ഷം തീർത്തും ദുർബലമാവുകയും ചെയ്തു എന്ന അർഥത്തിലാവാം വിഭാഗീയത അവസാനിച്ചു എന്ന പിണറായിയുടെ വിളംബരം.

എന്നാൽ രണ്ടു കാര്യങ്ങൾ ഈ അവകാശത്തെ സംശയാസ്പദമാക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കാതെ വയ്യ. കോട്ടയം തിരുനക്കരെ മൈതാനിയിലെ സമാപന റാലിയിൽ മഴയോടൊപ്പം വന്ന അനിഷ്ടസംഭവങ്ങളാണ് വിഭാഗീയതകൾക്ക് തീർത്തും അന്ത്യമായി എന്ന് സമ്മതിക്കാൻ തടസ്സമാവുന്ന ഒന്നാമത്തെ സംഭവം. റാലിയുടെ തുടക്കം മുതൽ മുഖരിതമായ വി.എസ് അനുകൂല ആരവം അദ്ദേഹം സമാപനസമ്മേളനത്തെ അഭിമുഖീകരിച്ചതോടെ മൂർധന്യത്തിലെത്തുകയായിരുന്നു. തിമർത്ത് പെയ്യുന്ന മഴ അണികളുടെയും വി.എസ് അച്യുതാനന്ദന്റെയും ആവേശം കെടുത്തിയില്ല. എന്നാൽ ഈ ദൃശ്യം പിണറായി വിജയന്റെ സ്വാസ്ഥ്യം കെടുത്തി എന്നാണ് അദ്ദേഹത്തിന്റെ അവിചാരിതമായ ഇടപെടലും രോഷപ്രകടനവും തെളിയിച്ചത്. മഴ കഠിനമായപ്പോൾ വി.എസ് പ്രസംഗം നിർത്തി പിന്മാറിയ ഉടനെ സമ്മേളനം പിരിച്ചുവിടുകയേ പാർട്ടി സെക്രട്ടറി ചെയ്യേണ്ടിയിരുന്നുള്ളൂ. പകരം, അദ്ദേഹം വി.എസിന് അനുകൂലമായി ആരവം മുഴക്കിയ അണികളെ കടുത്ത വാക്കുകളിലൂടെ ശാസിക്കുകയും കള്ളുകുടിച്ചവരുടെ അച്ചടക്ക രഹിതമായ പെരുമാറ്റമായി ഹർഷാരവങ്ങളെ അഭിശംസിക്കുകയും ചെയ്തപ്പോഴാണ് സത്യത്തിൽ സദസ്സ് ഞെട്ടിയത്. മാത്രമല്ല; ചുവപ്പ് വളണ്ടിയർമാർ നിഷ്ക്രിയരായിരുന്നതിലെ അമർഷം കൂടി പിണറായി പ്രകടിപ്പിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി. അടിയും തടയുമൊക്കെ നടന്നത് അതേതുടർന്നാണ്. സംഭവത്തെ മൊത്തം വീക്ഷിച്ച നിഷ്പക്ഷമതികൾക്ക് തോന്നുക, പിണറായി പക്ഷം വെട്ടിനിരത്തിയ വി.എസ് അച്യുതാനന്ദന് സാധാരണ കമ്യൂണിസ്റ്റുകാരുടെ അസാമാന്യ പിന്തുണ കാണേണ്ടിവന്നതിലെ അസഹിഷ്ണുതയാണ് സെക്രട്ടറിയിലൂടെ പ്രകടമായത് എന്നാണ്. എങ്കിൽ, വിഭാഗീയതക്ക് പൂർണ വിരാമമായി എന്ന അവകാശവാദത്തിലെ ശരി എത്രത്തോളം? സമ്മേളനാനന്തരം

മുഖ്യമന്ത്രി നടത്തിയ പരസ്യ പ്രസ്താവനയിൽ വിഭാഗീയത ഇല്ലാതായതായി അവകാശപ്പെട്ടതോടൊപ്പം ആശയസമരം തുടരുമെന്നു കൂടി വ്യക്തമാക്കിയതാണ് മറ്റൊരു സംഭവവികാസം. അതിനർഥം സംസ്ഥാന പാർട്ടി നേതൃത്വം മാർഗദർശനത്തിന്റെ മറവിൽ ഭരണത്തിൽ പിടിമുറുക്കാൻ എത്ര കിണഞ്ഞുശ്രമിച്ചാലും പൂർണമായി വഴങ്ങാൻ വി.എസ് തയാറാവുകയില്ല എന്നു തന്നെ. എസ്.എൻ.സി ലാവ്‌ലിൻ, മൂന്നാർ കുടിയൊഴിപ്പിക്കൽ, എച്ച്.എം.ടി ഭൂമി ഇടപാട് തുടങ്ങിയ പ്രശ്നങ്ങളിൽ തന്റെ വേറിട്ട നിലപാട് വിജയിപ്പിച്ചെടുക്കാൻ മുഖ്യമന്ത്രിക്ക് സാധിച്ചിട്ടില്ല. ഇത്രയും കാലം സാധിക്കാതിരുന്നത് എ.കെ.ജി സെന്ററിന്റെ പിടി പൂർവാധികം മുറുകാൻ പോകുന്ന ഇനിയുള്ള നാളുകളിൽ കൂടുതൽ അസാധ്യമാവാനേ സാധ്യതയുള്ളൂതാനും. എന്നാലും നിലപാടുകളിലെ ആർജവം പരമാവധി നിലനിർത്താൻ അടിസ്ഥാന തത്ത്വങ്ങളോട് ഇപ്പോഴും ഗൃഹാതുരത്വം പുലർത്തുന്ന അച്യുതാനന്ദൻ ശ്രമിക്കും എന്നാണ് കരുതേണ്ടത്. അതിന് തടയിടാൻ പാർട്ടി നേതൃത്വം ശഠിച്ചാലാവട്ടെ പൊട്ടിത്തെറി അനിവാര്യമാവുകയും ചെയ്യും. കോയമ്പത്തൂരിൽ നടക്കാനിരിക്കുന്ന പാർട്ടി കോൺഗ്രസ് ദേശീയ പ്രശ്നങ്ങളിലും നവലിബറൽ സമീപനങ്ങളിലും എന്ത് നിലപാടെടുക്കുന്നു എന്നതിനെകൂടി ആശ്രയിച്ചിരിക്കുന്നു കേരളത്തിലെ പാർട്ടി-സർക്കാർ ബന്ധങ്ങൾ. തീർത്തും ബംഗാൾ ലൈനിൽ സി.പി.എമ്മിനെ ക്യാപിറ്റലിസത്തിന്റെ തൊഴുത്തിൽ കെട്ടാനും കുത്തകകളുടെ മുമ്പാകെ കവാത്ത് മറപ്പിക്കാനുമാണ് പാർട്ടി കോൺഗ്രസ് തീരുമാനിക്കുന്നതെങ്കിൽ പിണറായി പക്ഷത്തിന്റെ പാത സുഗമമായിത്തീരും, അച്യുതാനന്ദൻ പടിയിറങ്ങുകയോ അദ്ദേഹത്തിലെ വിപ്ലവകാരിയുടെ കഴുത്ത് ഞെരിക്കുകയോ വേണ്ടിവരികയും ചെയ്യും. അതേസമയം

സാധാരണക്കാരന്റെ മുതുകൊടിച്ചുകൊണ്ട് അരിവിലയും പാൽവിലയും കുതിച്ചുകയറി. പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർധന ലഘൂകരിക്കാൻ വിൽപന നികുതി കൂട്ടാതിരിക്കാൻപോലും സർക്കാർ തയാറല്ല. പ്രാദേശികമോ സംസ്ഥാന വ്യാപകമോ ആയ ഹർത്താലുകളുടെ പ്രളയമാണ് കേരളത്തിന്റെ സമീപകാല 'നേട്ടങ്ങൾ.' ഈ വക ജീവൽ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാതെയും നിർദേശിക്കാതെയുമാണ് കോട്ടയത്തുനിന്ന് സി.പി.എമ്മുകാർ പിരിഞ്ഞുപോയത്.

വർഗീയ വിരുദ്ധത, സ്വതന്ത്ര വിദേശനയം, സാമൂഹിക നീതിയിൽ ഊന്നിയുള്ള സാമ്പത്തിക വളർച്ച എന്നീ തത്ത്വങ്ങളിലധിഷ്ഠിതമായ ഇടതുപക്ഷ ഐക്യത്തിനും മൂന്നാം ബദലിനും വേണ്ടിയാണ് അഖിലേന്ത്യാ സെക്രട്ടറി പ്രകാശ് കാരാട്ട് കോട്ടയം സമ്മേളനം ഉദ്ഘാടനം ചെയ്യവെ ആഹ്വാനം ചെയ്തത്. അതാണ് പാർട്ടി കോൺഗ്രസിന്റെയും രാഷ്ട്രീയ പ്രമേയത്തിന്റെയും അടിത്തറയാവുന്നതെങ്കിൽ ബുദ്ധദേവ് ഭട്ടാചാര്യയുടെ ബംഗാൾ ലൈനിന് കടിഞ്ഞാൺ വരും. അതാകട്ടെ കേരളത്തിൽ വി.എസ് അച്യുതാനന്ദന്റെ നിലപാടിന് ശക്തിപകരുകയും ചെയ്യും.

സംസ്ഥാന സർക്കാറിന്റെ രണ്ടു വർഷത്തെ പ്രദർശനത്തിൽ സംതൃപ്തി രേഖപ്പെടുത്തിയ കോട്ടയം സമ്മേളനം പോരായ്മകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കും വിരൽ ചൂണ്ടിയിട്ടുണ്ട്. സത്യത്തിൽ കൂട്ടുത്തരവാദിത്വമില്ലായ്മയുടെയും പൊരുത്തക്കേടുകളുടെയും പാളിച്ചകളുടെയും ദയനീയ പ്രദർശനമാണ് വി.എസ് സർക്കാറിന്റെ ഇതഃപര്യന്തമുള്ള ഭരണാഭ്യാസം. ഭൂപ്രഭുക്കൾക്കും മാഫിയകൾക്കും പാർട്ടികളും സർക്കാറുകളും പരിധിവിട്ട് വഴങ്ങി. അഴിമതി കടുകിട ലഘൂകരിക്കുന്നതിൽ വിജയിച്ചില്ല. വിദ്യാഭ്യാസരംഗം കുളംതോണ്ടി. ആരോഗ്യരംഗവും താറുമാറായി. മദ്യസാമ്രാജ്യം അഭൂതപൂർവമായി വികസിച്ചു. അനധികൃത സ്പിരിറ്റ് കടത്ത് 2000 കോടി കവിഞ്ഞു. പതഞ്ഞു പൊങ്ങിയ ലഹരി കോട്ടയം സമ്മേളനത്തെപ്പോലും പിടിയിലൊതുക്കി. ഗുണ്ടാനിയമം ഗുണ്ടായിസവും റൗഡിസവും നിയന്ത്രിക്കാൻ പര്യാപ്തമായില്ല. വിലക്കയറ്റം രൂക്ഷമായി. സാധാരണക്കാരന്റെ മുതുകൊടിച്ചുകൊണ്ട് അരിവിലയും പാൽവിലയും കുതിച്ചുകയറി. പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർധന ലഘൂകരിക്കാൻ വിൽപന നികുതി കൂട്ടാതിരിക്കാൻപോലും സർക്കാർ തയാറല്ല. പ്രാദേശികമോ സംസ്ഥാന വ്യാപകമോ ആയ ഹർത്താലുകളുടെ പ്രളയമാണ് കേരളത്തിന്റെ സമീപകാല 'നേട്ടങ്ങൾ.' ഈ വക ജീവൽ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാതെയും നിർദേശിക്കാതെയുമാണ് കോട്ടയത്തുനിന്ന് സി.പി.എമ്മുകാർ പിരിഞ്ഞുപോയത്. പിണറായി വിജയന്റെ മാധ്യമ വിരോധവും മന്ത്രി സുധാകരന്റെ വാചകമേളയും തലമുറകളെ പണയപ്പെടുത്തുന്ന കടബാധ്യതകളുമാണ് ഇപ്പോഴത്തെ ബാലൻസ് ഷീറ്റ്. ഈ സ്ഥിതിക്ക് മൗലികമായ മാറ്റമുണ്ടാകുമോ എന്നാണ് ജനങ്ങൾക്കറിയേണ്ടത്. പാർട്ടിക്കുള്ളിലെ വിഭാഗീയത തുടരുന്നതോ തുടരാതിരിക്കുന്നതോ അവരുടെ പ്രശ്നമല്ല. ■